**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 296** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഓണക്കാലത്ത് ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം തടയുവാൻ എന്തെല്ലാം നടപടികളാണ് ഭക്ഷ്യ പൊതുവിതരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) | 2024 ഓണത്തിനോടൊനുബന്ധിച്ച് സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങൾ സംബന്ധിച്ച് 24.07.2024നും ഓണക്കാലത്ത് ഉണ്ടാകാനിടയുള്ള ഭക്ഷ്യധാന്യങ്ങളുടെ പൂഴ്ത്തിവയ്പ്പ്, വിലക്കയറ്റം, കരിഞ്ചന്ത എന്നിവ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് 13.08.2024നും യോഗം ചേരുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, ഇക്കഴിഞ്ഞ ഓണക്കാലത്ത് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതു വിതരണ ഉപഭോക്തൃകാര്യം, റവന്യൂ, പോലീസ്, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ല/താലൂക്ക് തല സ്ക്വാഡ് രൂപീകരിക്കുകയും പൊതുവിപണിയിൽ പരിശോധന നടത്തി 775 ക്രമക്കേടുകൾ കണ്ടെത്തി നടപടി സ്വീകരിക്കുകയും ചെയ്തു.<br><br>ഓണക്കാലത്ത് എല്ലാ AAY കാർഡുടമകൾക്കും പെർമിറ്റ് ഉള്ള ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളിൽ 4 പേർക്ക് 1 കിറ്റ് എന്ന നിരക്കിലും, വയനാട്ടിലെ ദുരന്ത ബാധിത മേഖലയിലെ എല്ലാ കാർഡുടമകൾക്കും സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. ഓണത്തിന് NPS കാർഡുടമകൾക്ക് 10 kg സ്പെഷ്യൽ അരി അധികമായി നല്ലിയിട്ടുണ്ട്. NPNSകാർഡുകൾക്കും 10 kg അരി നല്കിയിട്ടുണ്ട്.<br><br>വിപണിയിടപെടലിന്റെ ഭാഗമായി ഓണക്കാലത്ത് എല്ലാ വർഷവും സപ്ലൈകോ ഓണം ഫെയറുകൾ സംഘടിപ്പിച്ചു. ഈ വർഷവും ഓണത്തോടനുബന്ധിച്ച് 14 ജില്ലകളിലും സെപ്റ്റംബർ 14 വരെ വിപുലമായ രീതിയിൽ പ്രത്യേകം ഓണം ജില്ലാ ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. സപ്ലൈകോ ഓണം ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം 2024 സെപ്റ്റംബർ 5 ന് വൈകീട്ട് ബഹു. മുഖ്യമന്ത്രി ശ്രീ |

| | | | |
|---|---|---|---|
| | | | പിണറായി വിജയൻ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് ഉദ്ഘാടനം ചെയ്തു. പതിമൂന്നിന സബ്സിഡി സാധനങ്ങൾക്ക് പുറമേ, മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും, വെജിറ്റബിൾ കൗണ്ടറുകളും, ഹോർട്ടികോർപ്പ് തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങളുടെ കൗണ്ടറുകളും ഓണം ജില്ലാ ഫെയറുകളോട് അനുബന്ധിച്ച് ഒരുക്കിയിരുന്നു. കൂടാതെ സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒരു പ്രധാന സപ്ലൈകോ വില്പനശാലയോട് അനുബന്ധിച്ച് 2024 സെപ്തംബർ 10 മുതൽ 14 വരെ ഓണം ഫെയറുകൾ നടത്തിയിരുന്നു. ഈ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ വിൽപ്പനശാലകളിലും സബ്സിഡി സാധനങ്ങളുൾപ്പെടെയുള്ള അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയുമുണ്ടായി. സപ്ലൈകോ വിൽപ്പനശാലകൾ വഴി പ്രമുഖ ബ്രാൻഡുകളുടെ ഇരുനൂറോളം എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾക്ക് പ്രത്യേക കിഴിവുകൾ നൽകിയിരുന്നു. അതിനോടൊപ്പം, സപ്ലൈകോ സൂപ്പർ മാർക്കറ്റ് ശ്രേണിയിലുള്ള വിൽപ്പനശാലകൾ വഴി സെപ്തംബർ 6 മുതൽ 14 വരെ ഉച്ചയ്ക്ക് ശേഷം രണ്ട് മണി മുതൽ നാലു മണി വരെ വിൽപ്പന നടത്തിയ ശബരി, എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾക്ക്, നിലവിൽ നൽകിവരുന്ന കിഴിവിന് പുറമേ 10% മുതൽ 50% വരെ അധിക കിഴിവും നൽകിയിരുന്നു.<br><br>വകുപ്പിൽ നിലവിലുള്ള ജില്ല /താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോടുകൂടി പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചു നിർത്തുന്ന നടപടികളും സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ വിവിധ പൊതുവിപണികളിൽ പരിശോധന നടത്തുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതു വിതരണ ഉപഭോക്തൃകാര്യ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷ, റവന്യൂ, പോലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പൊതു വിപണികളിൽ നടത്തുന്ന പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള അനിയന്ത്രിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെടുന്ന പക്ഷം കർശനനടപടി സ്വീകരിച്ചു വരുന്നുണ്ട്. ഇക്കഴിഞ്ഞ ഓഗസ്റ്റ് മാസം ജില്ലകളിൽ 3450 ഓളം പരിശോധനകൾ നടത്തിയതിൽ 372 ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ